# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.റ്റി.6238 07.11.2016 -ൽ മറുപടിക്ക്

**വേലുത്തമ്പി ദളവയുടെ സ്മാരകം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.ഹരീന്ദ്രൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.എം.മുകേഷ് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ധീരദേശാഭിമാനി വേലുത്തമ്പി ദളവ യുടെ ജന്മനാട്ടിലെ സ്മാരകത്തിന്റെയും കന്യാകുമാരി ജില്ലയിലെ തക്കല-തലക്കുളത്തുള്ള ഒന്നര നൂറ്റാണ്ടിലേറെ പഴക്കമുള്ളതുമായ വലിയ വീടിന്റെയും ഇന്നത്തെ അവസ്ഥ പരിശോധി ച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ധീരദേശാഭിമാനി വേലുത്തമ്പി ദളവയുടെ ജന്മനാടായ കന്യാകുമാരി ജില്ലയിലെ തക്കലയിലെ തലക്കുളത്തുള്ള സ്മാരകത്തിന്റെയും വീടിന്റെയും അവസ്ഥ പുരാവസ്തുവകുപ്പ് പരിശോധിച്ചിട്ടില്ല. |
| ബി) | നിലവിൽ പ്രസ്തുത സ്മാരകം ആരുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാണ് പ്രവർത്തിക്കുന്നതെന്നും എന്തെല്ലാം സ്ഥല-കെട്ടിട സൗകര്യങ്ങളാണ് അവിടെയുള്ളതെന്നും വ്യക്തമാക്കുമോ; | ബി) | തമിഴ് നാട്ടിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത സ്മാരകം പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമല്ലാത്തതിനാൽ ആയതിന്റെ ഉടമസ്ഥതയും നിയന്ത്രണവും സംബന്ധിച്ച വിവരം ലഭ്യമല്ല. |
| സി) | സ്മാരകത്തിന്റെ വികസനത്തിനായി കേന്ദ്ര ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതുപയോഗിച്ച് എന്തെല്ലാം പ്രവൃത്തി കളാണ് നടത്തിയതെന്നും ഇതിന്റെ ചുമതല ആർക്കായിരുന്നുവെന്നും വിശദമാക്കുമോ; | സി) | പ്രസ്തുത സ്മാരകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്തതിനാൽ കേന്ദ്ര ഫണ്ടൊന്നും തന്നെ ലഭ്യമായിട്ടില്ല. |
| ഡി) | കോവളത്തിനും കന്യാകുമാരിക്കുമിടയിൽ വലിയ ടൂറിസം സാധ്യതകളുള്ള പ്രസ്തുത സ്മാരകം സംരക്ഷിക്കുന്നതിനും സൗകര്യ ങ്ങൾ വിപുലപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | ഡി) | പ്രസ്തുത സ്മാരകം പുരാവസ്തു വകുപ്പിന്റെ അധീനതയിൽ സംരക്ഷിത സ്മാരക മാക്കുവാൻ കഴിയുമോയെന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ